**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1574** **31.01.2018 ൽ മറുപടിയ്ക്ക്**

# കർഷക പെൻഷൻ അനുവദിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കർഷക പെൻഷൻ അനുവദിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഈ കാരണത്താൽ കർഷകർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കർഷക പെൻഷൻ അനുവദിക്കുന്നതിന് കർഷകന്റെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണം എന്ന് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമുള്ള സാഹചര്യത്തിൽ വരുമാന സർട്ടിഫിക്കറ്റ് കൃഷി ഓഫീസർക്ക് ആവശ്യപ്പെടാവുന്നതാണ്. ഈ കാരണത്താൽ കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇത്തരം ആവശ്യത്തിന് വരുമാന സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ കർഷകർക്ക് നൽകുന്നതിന് റവന്യൂ വകുപ്പിന് എന്തെങ്കിലും നിർദ്ദേശം കൃഷി വകുപ്പ് നൽകിയിട്ടുണ്ടോ; | ബി) ഇല്ല. |
| സി) ഇല്ലെങ്കിൽ ഇത്തരം ആവശ്യത്തിനുള്ള അപേക്ഷകളിൽ കർഷകർക്ക് വരുമാന സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകുമോ? | സി) നിലവിൽ കർഷകർ ഈ ആവശ്യം ഉന്നയിച്ചിരുന്നില്ല. എന്നാൽ കർഷകർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സമൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Mayal

**സെക്ഷൻ ഓഫീസർ**